**പതിനാലാം കേരള നിയമസഭ**
**പതിനെട്ടാം സമ്മേളനം**
**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 501**
**04.02.2020 - ലെ മറുപടിക്ക്**

**ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റി**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. റോജി എം. ജോൺ** | **ഡോ. ടി. എം. തോമസ് ഐസക്<br>ബഹു. ധനകാര്യവും കയറും വകുപ്പ് മന്ത്രി** |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ധനകാര്യവകുപ്പിൽ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിക്ക് നൽകിയിട്ടുള്ള പ്രവൃത്തികൾ ഏതൊക്കെയാണ്; വിശദാംശം നൽകാമോ; | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ധന ബജറ്റ് ഹാൾ നവീകരണത്തിന്റേയും, ധനകാര്യ അഡീഷണൽ ചീഫ് സെക്രട്ടറിയുടെ ഓഫീസ് നവീകരണത്തിനുമായുള്ള രണ്ട് പ്രവൃത്തികളാണ് ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിക്ക് നൽകിയിട്ടുള്ളത്. |
| (ബി) ഓരോ പ്രവൃത്തിയുടെയും എസ്റ്റിമേറ്റ് തുക എത്രയാണ്; പ്രവൃത്തിയുടെ ബില്ലുകൾ മാറി നൽകിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | എ) ധനകാര്യ ബജറ്റ് ഹാൾ നവീകരണത്തിനായി 76,58,596/- രൂപയുടെ (എഴുപത്തി ആറു ലക്ഷത്തി അൻപത്തി എണ്ണായിരത്തി അഞ്ഞൂറ്റി തൊണ്ണൂറ്റി ആറ് രൂപാ മാത്രം) എസ്റ്റിമേറ്റാണ് ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിക്കു നൽകിയിരുന്നത്. പ്രസ്തുത ബില്ലുകൾ സൂക്ഷ്മ പരിശോധനയ്ക്കു ശേഷം പൊതുമരാമത്ത് വകുപ്പിൽ നിന്നും 29/01/2020 -ൽ മാത്രമാണ് ഈ വകുപ്പിൽ ലഭ്യമായിട്ടുള്ളത്. ടി ബില്ലുകൾ മാറിനൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br>ബി) ധനകാര്യ അഡീഷണൽ ചീഫ് സെക്രട്ടറിയുടെ ഓഫീസ് നവീകരണത്തിനായി 41,52,957/- രൂപയുടെ (നാൽപ്പത്തി ഒന്ന് ലക്ഷത്തി അൻപത്തി രണ്ടായിരത്തി തൊള്ളായിരത്തി അൻപത്തിയേഴ് രൂപാ മാത്രം) എസ്റ്റിമേറ്റ് ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിക്കു നല്കിയിരുന്നു. അതിൽ ഫർണിച്ചർ വർക്ക്സിനു ചെലവായ 6,59,081/- രൂപയുടെ ( ആറു ലക്ഷത്തി അൻപത്തി ഒൻപതിനായിരത്തി എൺപത്തി ഒന്ന് രൂപാ മാത്രം) ബില്ലുകൾ മാറി നൽകിയിട്ടുണ്ട്. ബാക്കി തുകയുടെ വർക്ക് ബില്ലുകൾ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റി സമർപ്പിച്ചിട്ടില്ല. |

അക്കൗണ്ട്സ് ഓഫീസർ